# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 296* | 18.02.2013-ൽ മറുപടിക്ക് |
|---|---|

### കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.എം.ഷാജി<br>ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സമൂഹത്തിൽ ദിനംപ്രതി വളർന്നു വരുന്ന, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ, സ്ത്രീപിഢനങ്ങൾ എന്നിവയ്ക്ക് മദ്യപാനവുമായുള്ള ബന്ധം സംബന്ധിച്ച് സാമൂഹ്യ ക്ഷേമവകുപ്പ് എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | നിലവിൽ തീരുമാനം എടുത്തിട്ടില്ല. |
| (ബി) | സാമൂഹ്യമായ ധാർമ്മികച്യുതിയും, കുട്ടികളിൽ വളർന്നു വരുന്ന മാനസികവൈകല്യങ്ങളും കുറ്റകൃത്യങ്ങളിൽ എത്തുന്നതു തടയാൻ എന്തെങ്കിലും പദ്ധതികൾ ആലോചിക്കുന്നുണ്ടോ; | (ബി) | സാമൂഹ്യമായ ധാർമ്മികച്യുതിയും, കുട്ടികളിൽ വളർന്നു വരുന്ന മാനസി കവൈകല്യങ്ങളും കുറ്റകൃത്യങ്ങളിൽ എത്തുന്നതു തടയുന്നതിനാവശ്യമായ ദിശാവബോധം നൽകുന്നതിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന ഒ.ആർ.സി (Our Responsibility to Children) എന്ന പദ്ധതിയിൽ രൂപകൽപന ചെയ്തിട്ടുണ്ട്. കൂടാതെ സാമൂഹ്യക്ഷേമ വകുപ്പ് നിയമിച്ചിട്ടുള്ള കൗൺസിലിംഗ് അദ്ധ്യാപകർ സ്കൂളുകളിൽ കൗൺസിലിംഗുകളും നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇത്തരം ദുഷ്പ്രവണതകൾ തടയുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ദുർഗ്ഗുണ പരിഹാര പ്രവർത്തനങ്ങളും, മാനസികാവബോധം നൽകുന്നതിനുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കുമോ? | (സി) | വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനായി സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ, ജൂനിയർ റെഡ് ക്രോസ് എന്നിവ ഇപ്പോൾ തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ക്യാമ്പസുകൾ ലഹരി വിമുക്തമാക്കാൻ വേണ്ടിയുള്ള നടപടികൾ തുടങ്ങിയവ സ്കൂളുകളിൽ നടത്തി വരുന്നു. കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന ഒ.ആർ.സി പദ്ധതിയിലൂടെ വിദ്യാഭ്യാസ വകുപ്പ്, പോലീസ്, അദ്ധ്യാപകർ, മനഃശാസ്ത്രജ്ഞർ, രക്ഷിതാക്കൾ തുടങ്ങിയവരുമായി ചേർന്ന് വിദ്യാർത്ഥികൾക്കിടയിൽ സാമൂഹിക ദിശാവബോധം വളർത്താനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ കുട്ടികൾ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളിലേയ്ക്ക് വഴുതി വീഴുന്നത് തടയുന്നതിന് ആവശ്യമായ നടപടികൾ, കുറ്റകൃത്യങ്ങളിൽപ്പെട്ടുപോയ വിദ്യാർത്ഥികളുടെ പുനരധിവാസം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ